10

# യേശുവിന്റെ മനുഷത്വത്തിന്റെ പരിപൂർണ്ണത

യേശുവിന്റെ മനുഷത്വത്തിന്റെ പരിപൂർണ്ണത എന്തായിരുന്നു? യേശു "മുഴുവനും മനുഷ്യൻ'' ആയിരുന്നു എന്നതിന്റെ രണ്ടു വലിയ ഉദാഹരണങ്ങൾ ആയിരുന്നു അവന്റെ പ്രാർത്ഥനാ ജീവിതവും അവന്റെ കാൽവരിയിലെ മരണവും. ഇതു പറയുവാൻ കാരണം പ്രാർത്ഥന യോഗ്യമായ നാമത്തെയും ഗൗരവത്തെയും, മരണം വെറും മനുഷ്യന്റെ ആശ്രയവും പോരായ്മയും കാണിക്കുന്നു. പ്രാർത്ഥനയിൽ നാം ആശ്രയിക്കുന്ന വ്യക്തിയുടെ ഇഷ്ടം അന്വേഷിക്കുകയാണ്; മരണത്തിൽ നാം കാത്തിരിക്കുന്നു മർത്യതയെ ഉയർത്തുവാൻ കഴിവുള്ളതിൽ നിന്നുള്ള ജീവനാണ്.

തിരുവെഴുത്തിൽ, ക്രൂശിൽ യേശു പ്രാർത്ഥിച്ചുകൊണ്ടു മരിക്കുന്നതാണ് കേൾക്കുന്നത്. യേശുവിന്റെ വാസ്തവത്തിലുള്ള മനുഷ്യത്വത്തെയാണ് ഈ അനുഭവങ്ങൾ പ്രകടമാക്കുന്നത്. ക്രൂശിൽ കിടക്കുമ്പോഴും നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന അവസരം അവൻ നഷ്ടമാക്കിയില്ല, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?'' (മർക്കൊസ് 15:34). നമുക്കു മനസ്സിലാക്കുവാൻ പറ്റാത്തതാ വൈകാരിക ദുഃഖത്തെയും ഭൗതിക കഷ്ടതയാലും, ആയിരുന്നു അവൻ നിലവിളിച്ചത്. നാം ഒരിക്കലും അവിടെ ആയിരുന്നില്ല, അവിടെ ആയിക്കയുമില്ല. ആക്കാൻ കഴിയുമില്ല എന്നതുകൊണ്ടു നമുക്കു മനസ്സിലാകയില്ല. നാം ഒരിക്കലും സൃഷ്ടികർത്താവു സൃഷ്ടാവായിത്തീർന്നിട്ടില്ല. നാം ഒരിക്കലും ദൈവത്തോടുള്ള മഹത്വം വിട്ടു മനുഷ്യനായിത്തീർന്നിട്ടില്ല. നാം ഒരിക്കലും സൃഷ്ടികർത്താവു സൃഷ്ടാവായിത്തീർന്നിട്ടില്ല. നാം ഒരിക്കലും ദൈവത്തോടുള്ള മഹത്വം വിട്ടു മനുഷ്യനായിത്തീർന്നിട്ടില്ല. നിങ്ങൾക്കും എനിക്കു ഉത്തമം ജീവിതം നയിച്ചു വേദനയോടെ മരിച്ചേക്കാം; എന്നാൽ നാം ഒരിക്കലും പാപമില്ലാത്ത ജീവിതം നയിക്കുകയില്ല, നാം ഒരിക്കലും തികഞ്ഞ യാഗം അർപ്പിക്കയുമില്ല. യേശുവിനെ പോലെ ക്രൂശിൽ തൂങ്ങി ഏകമായി കഠിനയാതന

അനുഭവിച്ചിരിക്കയില്ല.

മറ്റൊരു ജീവിക്കാത്ത ഏറ്റവും പൂർണ്ണമായ മാതൃക ജീവിതം ആയിരുന്നു യേശു ജീവിച്ചത് (എബ്രായർ 4:15; 1 പത്രൊസ് 2:22), എന്നാൽ മറ്റാരും മരിച്ചിട്ടില്ലാത്ത വിധത്തിൽ തികച്ചും മാനഹാനി വരുത്തികൊണ്ടായിരുന്നു അവർ മരിച്ചത് (2 കൊരിന്ത്യർ 5:21). യേശുവിനു ജീവിക്കുന്നതു ഏറ്റവും ഉയർന്ന അനുഭവും മനുഷ്യനായി മരിക്കുന്നതു, അതിരുകവിഞ്ഞ, അനുഭവമായിരുന്നു. നമുക്കു പിൻപറ്റുവാൻ ഒരു മാതൃക തരുവാൻ *മാത്രമല്ല* യേശു ഈ ഭൂമിയിലേക്കു വന്നതു (1 പത്രൊസ് 2:21). അതുപോലെ അത്ഭുതകരമായ ജീവന്റെ വചനം പ്രസംഗിക്കുവാനും *മാത്രമല്ല* അവൻ വന്നതു (യോഹന്നാൻ 6:63). യേശു പറഞ്ഞു, "ദൈവം പുത്രനെ അയച്ചതു, ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ" (യോഹന്നാൻ 3:17).

ജനിക്കുക, ജീവിക്കുക, മരിക്കുക എന്നതിലും ഏധികമായി അവന്റെ ദൗത്യത്തിൽ ഉണ്ടായരുന്നു. അവന്റെ ദൗത്യ നിർവ്വഹണത്തിനു, അവന്റെ ജനനം *പ്രത്യേകതയുള്ളതാകേണ്ടിയിരുന്നു*, അവന്റെ ജീവിതം *കുറ്റമറ്റതാകേണ്ടിയിരുന്നു*, അവന്റെ മരണവും അങ്ങേഅറ്റം *യാഥാർത്ഥ്യമാകേണ്ടിയിരുന്നു*. ജീവിച്ചിരുന്ന ഏതൊരു മനുഷ്യനേക്കാളും എല്ലാ നിലയിലും, ഭൂമിയിലായിരുന്നപ്പോൾ മനുഷ്യ സ്വഭാവത്തിൽ തന്നെ അവൻ ജീവിച്ചു. അവൻ പൂർണ്ണനായിരുന്നത് - അവൻ ''അർത്ഥ - ദൈവം" ആയതു കൊണ്ടല്ല, അവൻ കറയും കളങ്കവും ഇല്ലാത്ത വാസ്തവത്തിലുള്ള മനുഷ്യ ജീവിതം നയിച്ചതുകൊണ്ടാണ് മനുഷ്യ ചരിത്രത്തിൽ യേശുവിനെ പോലെ ജനനം മുതൽ മരണം വരെ - പാപമില്ലാത്ത, ഉയർന്ന ജീവിതം നയിച്ച മറ്റാരും ഉണ്ടായിട്ടില്ല.

**അവന്റെ മരണം**

ഈ ഏക വിശുദ്ധനും സമാധാന പ്രിയനുമായ യേശു നഷ്ടപ്പെട്ടവരെ രക്ഷിക്കുക എന്ന ദൗത്യം എങ്ങനെ നിറവേറ്റി? അതായിരുന്നു ഗദ്ശമെനയിലെ ക്രൂശ്. പിതാവിന്റെ ഇഷ്ടം ചെയ്യണമെന്നു അവൻ മനസ്സുറപ്പിച്ചു: ''ദൈവം ഒരുവനല്ലൊ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ, എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത, മനുഷ്യനായ ക്രസ്തു യേശുതന്നേ, ..." (1 തിമൊഥെയൊസ് 2:5, 6). യേശു പറഞ്ഞു, ''മനുഷ്യപുപത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി, തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നതു" (മർക്കൊസ് 10:45).

അത്തരം വിശുദ്ധനും സ്നേഹപാത്രവുമായ വ്യക്തിയുടെ യാഗം എന്തിന് - എന്തിന് ആ മരണം അങ്ങേയറ്റം കഠിനമാക്കേണ്ടി വന്നു, കാരണം ദൈവത്തിന്റെ ഏറ്റവും ഉയർന്ന വിശുദ്ധിയാണ്. അവന്റെ മാറ്റമില്ലാത്ത തികഞ്ഞ നീതികരണമാണ്. അവന്റെ പരിശുദ്ധി പാപത്തെ വെറുക്കുന്നു; ഓരോ പാപത്തെയും ശിക്ഷിക്കണം എന്നാണ് നീതി ആവശ്യപ്പെടുന്നത്. അതിനു പഴിതുകളില്ല. സ്നേഹവും,

സഹിഷ്ണുതയും കൊണ്ട് ചില മാതാപിതാക്കൾ കുട്ടികളുടെ താന്തോന്നു പ്രവൃത്തികൾ കണ്ടിട്ട് അവരെ അവരുടെ ഇഷ്ടത്തിനു വിടുന്നതുപോലെയല്ല ദൈവം; നേരെമറിച്ചു ബൈബിൾ നമ്മോടു പറഞ്ഞിരിക്കുന്നു. "ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു" (എബ്രായർ 2:2); "മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്നു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണ ശിക്ഷ കല്പിക്കുന്നുവല്ലൊ" (എബ്രായർ 10:28). പുതിയ നിയമത്തിൽ, നമ്മോടു പറഞ്ഞിരിക്കുന്നു, "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27). പാപം ഗൗരവമുള്ളതാണ്; അതു ക്ഷമിക്കപ്പെട്ടില്ലെങ്കിൽ വിനാശകരമാണ്.

തികച്ചു പരിശുദ്ധനായ ദൈവത്തിന്റെ നീതി നിറവേറ്റുവാൻ നമ്മുടെ പാപങ്ങൾക്കു കുറ്റമറ്റ യേശുവിന്റെ *പൂർണ്ണമായ* യാഗത്തിൽ കുറച്ചു ഒന്നും മതിയാകുന്നതല്ല. അതുകൊണ്ട്, ദൈവപുത്രൻ, സ്വയമായി തന്നെ ദൈവേഷ്ടത്തിനു ഏല്പിച്ചു കൊടുത്തു, അവന്റെ പിതാവു, മറുവില കൊടുത്തു. അവന്റെ ശരീരവും രക്തവും (അവന്റെ ജീവൻ തന്നെ) ദൈവ നീതി നിറവേറുവാൻ ആവശ്യമായതൊക്കെയും, വിലമതിക്കാനാകാത്ത യാഗമായി അർപ്പിച്ചു. അങ്ങനെ തന്റെ ദാനം സ്വീകരിക്കുന്നവരോടു പിതാവിന്റെ മുഴുവൻ വ്യക്തിത്വത്തെയും യോജിപ്പിച്ചു ക്ഷമിക്കുവാൻ കഴിഞ്ഞു. *"കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു!"* (യാക്കൊബ് 2:13; എംഫസിസ് മൈൻ).

യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ പറഞ്ഞു, "പിതാവേ, അവർ ചെയ്യുന്നത് എന്തെന്നു അറിയായ്കയാൽ, അവരോടു ക്ഷമിക്കണേമേ!"; "അതു നിവൃത്തിയായി"; "പിതാവേ, എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" (ലൂക്കൊസ് 23:34; യാക്കൊബ് 19:30; ലൂക്കൊസ് 23:46). *"നിവൃത്തിയായി!"* എന്ന വാക്കിന്റെ പ്രാധാന്യം ഒരുപക്ഷെ മനുഷ്യർക്കു മനസ്സിലാക്കുവാൻ പ്രയാസം ഉണ്ടാകാം. എങ്ങനെയായാലും; തന്റെ മരണം, കഷ്ടവും അതിഭയങ്കരവുമാണെന്നു അറിഞ്ഞു, അവൻ സ്വച്ഛമായി മരിച്ചു. കടം വാങ്ങിയ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റ് ഇനി, പിതാവിന്റെ അടുക്കലേക്കുള്ളയാത്രയേ അവശേഷിക്കുന്നുള്ളു. അവന്റെ മനുഷത്വത്തിന്റെ അതിൻരെ പരിധികളോളം നീട്ടി. അവന്റെ ജനനം തന്നെ മഹത്വമേറിയായിരുന്നു (ലൂക്കൊസ് 2:6, 7, 13, 14). അവന്റെ ജീവിതം ഏറ്റവും വിശുദ്ധമായിരുന്നു. പ്രത്യക്ഷത്തിൽ പരാജയമെന്നു തേന്നിച്ച അവന്റെ മരണം, വിജയമായിരുന്നു. അവൻ വന്നതു പിതാവിന്റെ ഇഷ്ടം ചെയ്യുവാനാണ് (യോഹന്നാൻ 6:38), അവൻ അതു ചെയ്യുകയും ചെയ്തു!

**അവന്റെ ഉയിർപ്പു**

യേശുവിന്റെ ഉയിർത്തെഴുന്നേല്പ് അവന്റെ സമർത്ഥനം ആയിരുന്നു – എന്തൊരു ഉയിർപ്പു! മനുഷ്യ ചെവികൾ കേട്ടിട്ടില്ല, മനുഷ്യ കണ്ണുകൾ കണ്ടിട്ടില്ല, യേശു ഭൂമിയിലേക്കു തിരികെ വന്നത്, മനുഷ മനസ്സുകൾക്കു ഗ്രഹിക്കുവാൻ പ്രയാസമായിരുന്നു.

അവന്റെ ഉയിർപ്പിനും ആരോഹണത്തിനും ഇടക്ക് നൂറുകണക്കിനു ആളുകൾ അവനെ കാണുകയുണ്ടായി (1 കൊരിന്ത്യർ 15:1-8). മനുഷ്യരുടെ കാഴ്ച്ചപ്പാടിൽ, അവന്റെ ഉയിർപ്പു ആവരണത്തോടു കൂടിയ അപരിചിതത്വമായിരുന്നു. ഏതാനും ഉദാഹരണങ്ങൾ നോക്കുക. ഞായറാഴ്ച്ച അതിരാവിലെ മഗ്ദലനക്കാരി മറിയ, ഇരുട്ടുള്ളപ്പോൾ തന്നെ അവനെ അടക്കിയ കല്ലറക്കൽ ചെന്നു. കല്ലറ തുറന്നിരിക്കുന്നതു അവൾ കണ്ടപ്പോൾ, അവന്റെ ശരീരം എടുത്തു മാറ്റിയെന്ന് അവൾ വിചാരിച്ചു. അവൾ കരഞ്ഞുകൊണ്ടു നിൽക്കുമ്പോൾ, യേശു പ്രത്യക്ഷനായി അവളോടു സംസാരിച്ചു. അവൻ പറഞ്ഞു, "എന്നെ തൊട്ടടുത്ത് ഞാൻ ഇതുവരെയും പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല, എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു, 'എന്റെ പിതാവും നിങ്ങളുടെ പിതാവും; എന്റെ ദൈവവും നിങ്ങളുടെ ദൈവമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു'" (യോഹന്നാൻ 20:1-18). യേശു പരിശീലപ്പിച്ച പതിനൊന്നു പേരോടു ഒരു കൂട്ടം സ്ത്രീകൾ ഇതു പറഞ്ഞപ്പോൾ, "ഈ വാക്ക് അവർക്ക് വെറും കഥ പോലെ തോന്നി, അവെര വിശ്വസിച്ചില്ല" (ലൂക്കൊസ് 24:6-11 വരെ വായിക്കുക). പത്രൊസും കല്ലറ തുറന്നിരിക്കുന്നതു കണ്ടിട്ടു, "സംഭവിച്ചതെന്തെന്നു ആശ്ചര്യപ്പെട്ടു മടങ്ങിപ്പോന്നു" (ലൂക്കൊസ് 24:12). പിന്നീട് അതേ ബന്ധം, രണ്ടുപേർ യേശുവിനോടു കൂടെ ഭക്ഷിച്ചു. അവർ ആദ്യം അവനെതിരിച്ചറിഞ്ഞില്ല; അവർ അവനെ തിരിച്ചറിഞ്ഞ ഉടനെ അവൻ അപ്രത്യക്ഷനായി (ലൂക്കൊസ് 24:13-31). കുറച്ചു കഴിഞ്ഞ്, യെരുശലേമിൽ, അപ്പൊസ്തലന്മാരോടു കൂടെ നിന്നവർക്കു മദ്ധ്യേ യേശു പ്രത്യക്ഷനായി. "അവർ ഞെട്ടി ഭയപ്പെട്ടു ഒരു ഭൂതത്തെ കാണുന്നു എന്നവർക്കു തോന്നി." എന്നെ തൊട്ടു നോക്കുവിൻ, എന്നിൽ കാണുന്നതുപോലെ ഭൂതത്തിനു അസ്ഥിയും മാംസവും ഇല്ലല്ലൊ, എന്നു പറഞ്ഞു അവൻ തന്റെ കയ്യും കാലും അവരെ കാണിച്ചു ഉറപ്പാക്കി (ലൂക്കൊസ് 24:36-43).

ഒരാഴ്ച്ചക്കു ശേഷം അപ്പൊസ്തലന്മാർ എല്ലാവരും വാതിലടച്ചിരുന്ന മുറിയിൽ യേശു പ്രത്യക്ഷനായി. മുൻപു യേശു പ്രത്യക്ഷനായിരുന്നപ്പോൾ തോമസ് അവരോടൊപ്പം ഇല്ലായിരുന്നു. അവൻ യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ സംശയം പ്രകടിപ്പിച്ചു. ഇപ്പോൾ തോമസും അവരോടുകൂടെ ഉണ്ട്. യേശു അവനോടു: "'നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈനീട്ടി എന്റെ വിലാപ്പുറത്തു ഇടുക. അവിശ്വാസി ആകാതെ, വിശ്വാസിയായിരിക്ക' എന്നു പറഞ്ഞു തോമസ് അവനോടു, '*എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ*, എന്നു ഉത്തരം പറഞ്ഞു'" (യോഹന്നാൻ 20:27, 28; എംഫസിസ് മൈൻ).

ഗലീലയിൽ വെച്ചു യേശു പതിനൊന്നു പേർക്കു പ്രത്യക്ഷനായി മഹത്തായ ആജ്ഞ അവർക്കു നല്കിയപ്പോൾ, "അവർ നമസ്ക്കരിച്ച; ചിലരോ സംശയിച്ചു'' (മത്തായി 28:16, 17). ലൂക്കൊസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നതു അവന്റെ ഉയിർപ്പിനു ശേഷം യേശു അപ്പൊസ്തലന്മാർക്കു നാല്പതു നാളുകളോ പ്രത്യക്ഷനായി.

പ്രവൃത്തികൾ 1:3 അനുസരിച്ചു താൻ ജീവിച്ചിരിക്കുന്നു എന്നു ധാരാളം തെളിവുകൾ സഹിതം അവൻ അവരെ, ബേഥാന്യക്കരുകിലുള്ള, ഒലിവു മലയിലാണ് കൊണ്ടു പോകുകയും, അവൻ സ്വർഗ്ഗത്തിലേക്കു കയറി പോകുകയും ചെയ്തു (ലൂക്കൊസ് 24:51).

ഈ സംഭവങ്ങളിൽ പലതും അപരിചിത്വാവരണം അണിഞ്ഞതാണ് എന്നു നാം പറഞ്ഞതെന്തുകൊണ്ടാണ്? യേശുവിന്റെ ശിഷ്യന്മാർക്കു അവന്റെ ഉയിർപ്പു കൈക്കൊള്ളാൻ പ്രയാസമായിരുന്നോ? തീർച്ചയായും, പലർക്കും ബുദ്ധിമുട്ടുണ്ടായി, എന്നാൽ അതു അപ്രതീക്ഷിതമായിരുന്നില്ല. വേദശാസ്ത്രപരമായി ഉയിർപ്പ് വിവരിക്കുവാൻ എളുപ്പമാണ്; ഒരു ഉപദേശമായി, ഒരു *അക്ഷരിക* സംഭവമായി അതിൻരെ സാമാന്യബോധവൽക്കരിക്കുക അത്ര എളുപ്പം അല്ല. ഒരു വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്താൽ ബന്ധിപ്പിക്കാവുന്നതല്ല ഉയിർത്തെഴുന്നേല്പും ആയോ - ലോകവ്യാപ്തിയും അവന്റെ പ്രത്യക്ഷതയിൽ അവന്റെ ചില ശിഷ്യന്മാർ ഭയപ്പെട്ടത് അസാധാരണമോ? ഒരിക്കലും അല്ല. ആരെയെങ്കിലും ക്രൂശിക്കുന്നതും ഏതാനും ദിവസം മുൻപു അടക്കം ചെയ്യുകയും ചെയ്ത വ്യക്തി നിങ്ങളുടെ മുൻപിൽ നില്ക്കുന്നു എന്നു വിചാരിക്കുക, നിങ്ങൾ നേരിട്ടു കണ്ടതാണ് അയാൾ മരിച്ചു അടക്കപ്പെട്ടത്. നിങ്ങൾ തീർച്ചയായും ''മറ്റൊരു - ലോകത്തിലാണെന്നു'' നിങ്ങൾക്കു തോന്നിപ്പോകും. ഇതു "മുൻപു, അപ്പുറത്തുണ്ടായിരുന്നതും - തിരിച്ചും വന്നതും'' ആയ വ്യക്തിയായി നിങ്ങൾ കാണും. എന്തോ അസാധാരണമായതു സംഭവിച്ചു എന്നു നിങ്ങൾ കരുതും.

ഉയിർത്തെഴുന്നേല്പിനു ചുറ്റും സംഭവിച്ചു ചുഴറ്റലും തുടർന്നുള്ള പ്രത്യക്ഷയുമായിരുന്നു അസാധാരണമായിരുന്നത്. അപ്പൊസ്തലന്മാർ അവരുടെ വിവിധ പ്രതികരണത്താൽ തെളിയിച്ചു. കൂടാതെ, യേശുവും തന്റേതായ വാക്കുകളും, പ്രവൃത്തികളും, പ്രത്യക്ഷതയും ഇതിനോടു ചേർത്തു. ഉയിർപ്പിനു ശേഷം, അവൻ പറഞ്ഞു, "എന്നെ തൊടരുത്, ... ഞാൻ പിതാവിന്റെ അടുക്കൽ പോയിട്ടില്ല'' (യോഹന്നാൻ 20:17). യോഹന്നാനെ കുറിച്ചു അവൻ പത്രൊസിനോടു പറഞ്ഞു, "ഞാൻ വരുവോളം, അവൻ ഇരിക്കണം എന്നു എനിക്കു ഇഷ്ടമുണ്ടെങ്കിൽ അതു നിനക്കു എന്ത്?" (യോഹന്നാൻ 21:23). അവന്റെ പ്രത്യക്ഷതകൾ എല്ലാം അസാധാരണ സാഹചര്യങ്ങളിൽ ആയിരുന്നു. യേശു മുൻപു ഒരിക്കലും, അടച്ചിട്ട മുറികളിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ചിലപ്പോൾ അവനെ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. സംഭവങ്ങൾ മാറി മറിഞ്ഞു.

യേശുവിന്റെ ഭൗമികയാത്ര പൂർണ്ണമായി എന്തൊരു സംഭവ കഥ. എന്തൊരു സംഭവ കഥ! എന്തൊരു ജീവിതം! എന്തൊരു രക്ഷകൻ! ദൈവത്തിന്റെ വൈഭവത്തെ കുറിച്ചു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരേ കാലയളവിൽ, എപ്പോഴും നിത്യതയിൽ ആയിരിക്കുന്ന, ദൈവത്തിനു "ലോകത്തിലേക്കു ഇറങ്ങി വന്നു," കുറച്ചു "കാലം'' ചെലവഴിക്കുവാൻ എങ്ങനെ കഴിഞ്ഞു? സൃഷ്ടിയുടെ തുലനാവസ്ഥക്കു, കോട്ടം തട്ടാതെ എങ്ങനെ ഇതു കഴിഞ്ഞു? അവന്റെ

പിരിധിയില്ലാത്ത ശക്തിയിൽ ''അടങ്ങിയിരിക്കുന്ന'' നമ്മുടെ താരവ്യംഹത്തിനു കുഴപ്പമോ അത്യാപത്തോ വരുത്താതെ ഭൂമിയിൽ ഉയർത്തുവാൻ എങ്ങനെ സാധിച്ചു? അതിനുള്ള ഉത്തരം യേശു ക്രിസ്തുവിൽ കണ്ടെത്താം, കാരണം "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു" (2 കൊരിന്ത്യർ 5:19).

ഈ മഹത്വകരമായ സാഹസ കൃത്യം എങ്ങനെ സാധ്യമായി എന്നു നാം നോക്കുമ്പോൾ, ക്രിസ്തുവിന്റെ ജിവിതത്തിൽ രണ്ടു മഹത്തായ സ്ഥിതി – മാറ്റം നാം കാണുന്നു. ആദ്യത്തേത് ദൈവികത്വത്തിൽ നിന്നു മനുഷ്യത്വത്തിലേക്കുള്ള മാറ്റത്തിനു ഊന്നൽ കൊടുത്തു. ദൂതന്മാരുടെ ശബ്ദത്തോടെ ശിശുവായ യേശു വന്നു, പക്ഷെ അവനെ തുണികൾ ചുറ്റി പുൽത്തൊട്ടിയിൽ കിടത്തി. അവ കന്യകയിൽ ജനിച്ചു, പക്ഷെ അവൻ യോസേഫിന്റെ മകൻ എന്നു ആളുകൾ വിചാരിച്ചു[1]. അങ്ങനെ ഒക്കെ ആയിരുന്നു അവന്റെ ജീവിതം. ദൈവം മനുഷ്യ വേഷത്തിലായി. അവതാരം യഥാർത്ഥമായിരുന്നു. പൗലൊസ് എഴുതി,

> ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടാകട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ, ദാസ – രൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു, വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2:5–8).

രണ്ടാമത്തെ അറ്റം മനുഷത്വത്തിൽ നിന്നു ദൈവത്വത്തിലേക്കുള്ള മാറ്റത്തിനാണ് ഊന്നൽ കൊടുത്തത്. അവന്റെ മനുഷത്വത്തെ ദൈവികത്വത്താൽ മൂടിയിരുന്നു. ഈ മാറ്റത്തിന്റെ "അപരിചിതത്വ" ത്തിനിടയിൽ, തോമസ് അവസാനം ആ ആവരണം നീക്കി നോക്കി അവൻ യേശുവിനോട് "എന്റെ കർത്താവും, *ദൈവവുമായുള്ളോവേ*!" എന്നു പറഞ്ഞു (യോഹന്നാൻ 20:28; എംഫസിസ് മൈൻ). ഇതു ഒരാളുടെ മാത്രം ഏറ്റു പറച്ചിലല്ലേ, എന്ന് നിങ്ങൾ പറഞ്ഞേക്കാം. അതു ശരിയാണ്, എന്നാൽ, ദൈവം മനുഷ്യർക്കു തന്നെത്താൻ വെളിപ്പെടുത്തിയത്, ചരിത്രപരവും, കേന്ദ്രസ്ഥാനവും, മനുഷ്യന്റെ മനസ്സിലാക്കലും, ഏറ്റു പറച്ചിലിന്റെ പ്രാധാന്യവും ആ വെളിപ്പാടിൽ ഒരു വഴിത്തിരിവായി.

ആ മാറ്റം ആരോഹണത്തോടെ പൂർത്തിയാക്കി. യേശു ഒരു ദിവസം, വീണ്ടും ജീവിക്കുന്നതായി കാണിക്കാതെ വെറുതെ അപ്രത്യക്ഷമാവുകയായിരുന്നില്ല. അവൻ തന്റെ അപ്പൊസ്തലന്മാരോടു സംസാരിച്ചു കൊണ്ട്, "അവർ കാൺകെ അവൻ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടിട്ടു അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു" (പ്രവൃത്തികൾ 1:9). അങ്ങനെ മനുഷത്വത്തിൽ നിന്നു ദൈവികത്വത്തിലേക്കുള്ള മാറ്റം പൂർത്തിയായതായി ഊന്നി പറഞ്ഞിരിക്കുന്നു.

ഈ അവിശ്വസനീയ മാറ്റങ്ങൾ ഉറപ്പിക്കുന്നതു, തീർച്ചയായും,

ജനിച്ചപ്പോൾ കുറച്ചു ദൈവവും കൂടുതൽ മനുഷ്യനും, മരിച്ചപ്പോൾ കൂടുതൽ, ദൈവവും കുറച്ചു മനുഷ്യനും എന്നു വരുന്നില്ല. ഈ മാറ്റത്തിൽ വ്യക്തമായ ആധിപത്യ പ്രദർശനം നാം വേർതിരിക്കുകമാത്രമായിരുന്നു നാം ചെയ്തതു. നാം പകക്കുന്ന ക്രിസ്തുവിലുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതി സ്വയം - തെളിവാകുന്ന രീതിയിൽ അത്ര നിസ്സാരമല്ല. എങ്ങനെയായാലും, ഒരിക്കൽ ഗ്രഹിച്ചാൽ, അതിന്റെ പ്രതിഫലനമായ ദൈവകൃപ, സ്നേഹം, കരുണ എന്നില നമ്മെ നമ്മുടെ ജീവിതം വിശ്വാസത്താലും, സ്നേഹത്താലും, നന്ദിയാലും, സേവനത്താലും അവന്നു കീഴ്പ്പെടുത്തും.

അങ്ങനെയാണെങ്കിലും, ബൈബിളിൽ കാണുന്ന കീർത്തനാത്മക പ്രഖ്യാപനം, ചിലപ്പോൾ "അവതാരത്തിന്റെ സങ്കീർത്തനം" എന്നു വിളിച്ചിട്ടുണ്ട്, അതു ശരിയായ വിഷയം തന്നെന്ന ചിന്തയോടെ നാം "പുത്രനായ ദൈവം" എന്ന പഠനം അവസാനിപ്പിക്കുന്നു:

> അവൻ ജഡത്തിൽ വെളിപ്പെട്ടു ആത്മാവിൽ നീതികരിക്കപ്പെട്ടു:ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവ ശക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1 തിമൊഥെയൊസ് 3:16).

---

കുറിപ്പ്

[1]ലൂക്കൊസ് 1:34, 35; 2:33, 34, 41, 42, 48; 3:23; മത്തായി 13:55, 56; യോഹന്നാൻ 6:42.

© 2009 Truth for Today